## വിവാഹത്തലേന്ന് പിരിച്ചുവിട്ട കരാർ തൊഴിലാളിക്ക് അഞ്ചര ലക്ഷത്തിലധികം രൂപ 9% പലിശ സഹിതം നല്കണം

### ഡൽഹി ഹൈക്കോടതി

W.P. (C) No. 1067/2016 Dt. 12.2.2020

ആരതി ഗുപ്ത
x
ജൂബിലന്റ് ഓയിൽ ഏന്റ് ഗ്യാസ് പ്രൈവറ്റ്
ലിമിറ്റഡ്

സ്ഥാപനത്തിൽ കരാർ അടിസ്ഥാനത്തിലാണ് തൊഴിലാളി നിയമിതയായത്. 2006-ലാണ് ജോലിയിൽ പ്രവേശിച്ചത്. ഭൂഭൗതിക ശാസ്ത്രജ്ഞ എന്ന തസ്തികയിലാണ് അവർ ജോലി ചെയ്തത്. കരാറിന്റെ കാലാവധി ഉടമ്പടിയിൽ വ്യക്തമാക്കിയിരുന്നില്ല. എന്നിരുന്നാലും മൂന്ന് മാസത്തെ നോട്ടീസോ വേതനമോ നല്കി ഇരുകക്ഷികൾക്കും കരാർ അവസാനിപ്പിക്കാമെന്ന് കരാറിൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരമിരിക്കെ 25.6.2010-ൽ മേനേജ്മെന്റ് തൊഴിലാളിയുടെ സേവനം അവസാനിപ്പിച്ചു. പിറ്റേദിവസം അവരുടെ വിവാഹമായിരുന്നു. വിവാഹത്തലേന്ന് പിരിച്ചുവിടൽ നോട്ടീസ് കിട്ടിയ തൊഴിലാളി വളരെയധികം മാനസിക വ്യഥ അനുഭവിച്ചു. തന്റെ സേവനം അവസാനിപ്പിച്ചതിനെതിരെ തൊഴിലാളി ലേബർ കോടതിയിൽ പരാതി നല്കി. തന്നെ തിരിച്ചെടുക്കാനും മുഴുവൻ മുൻകാല വേതനം നല്കാനും മേനേജ്മെന്റിന് നിർദ്ദേശം നല്കണമെന്നാണ് തൊഴിലാളി ആവശ്യപ്പെട്ടത്. കരാർ തൊഴിലാളി ആയതിനാൽ പിരിച്ചുവിട്ടതിൽ തെറ്റില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. തൊഴിലാളിയുടെ പരാതിയിൽ കഴമ്പില്ലെന്നു കണ്ട് ലേബർ കോടതി അത് തള്ളിക്കളഞ്ഞു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. വ്യവസ്ഥകൾക്കു വിരുദ്ധമായി വിവാഹത്തലേന്ന് തന്നെ ജോലിയിൽ നിന്ന് പിരിച്ചുവിട്ടത് തെറ്റായ നടപടിയാണെന്ന് തൊഴിലാളി വാദിച്ചു. തൊഴിലാളിക്ക് 3,55,544 രൂപ വാഗ്ദാനം ചെയ്തെങ്കിലും അവർ അത് വാങ്ങാൻ വിസമ്മതിക്കുകയായിരുന്നുവെന്ന് മേനേജ്മെന്റ് ചൂണ്ടിക്കാട്ടി. എന്നാൽ അതിന് യാതൊരു തെളിവും മേനേജ്മെന്റ് ഹാജരാക്കിയിട്ടില്ലെന്നു കണ്ട ഹൈക്കോടതി മേനേജ്മെന്റിന്റെ വാദം സ്വീകരിച്ചില്ല. കരാർ തൊഴിലാളിയുടെ സേവനം അവസാനിപ്പിച്ച മേനേജ്മെന്റ് അവർക്ക് അർഹതപ്പെട്ട പണം കൈവശം വച്ച് താമസിപ്പിച്ചത് അക്ഷന്തവ്യമായ അപരാധമാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. തൊഴിലാളിക്ക് യാതൊരു നിവൃത്തിയും നല്കാതെ പരാതി തള്ളിക്കളഞ്ഞ ലേബർ കോടതിയുടെ നടപടി തെറ്റാണെന്ന് ഹൈക്കോടതി വിലയിരുത്തി. തൊഴിലാളിയുടെ സേവനം അന്യായമായി അവസാനിപ്പിച്ചതിന് നഷ്ടപരിഹാരമായി മേനേജ്മെന്റ് 3,55,544 രൂപയും വിവാഹത്തലേന്ന് ജോലിയിൽ നിന്ന് പിരിച്ചുവിട്ട് തൊഴിലാളിക്ക് കഠിനമായ മാനസിക സംഘർഷം ഉണ്ടാക്കിയതിന് നഷ്ടപരിഹാരമായി രണ്ട് ലക്ഷം രൂപയും 9% പലിശ സഹിതം തൊഴിലാളിക്ക് നല്കണമെന്ന് ഉത്തരവിട്ട ഹൈക്കോടതി ലേബർ കോടതിയുടെ വിധി റദ്ദാക്കുകയും തൊഴിലാളിയുടെ റിട്ട് ഹർജി അനുവദിക്കുകയും ചെയ്തു.